"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സംസ്ഥാനത്തെ തെരുവ് നായ്ക്കളുടെ നിയന്ത്രണവുമായി ബന്ധപ്പെട്ട് ഭരണപരമായ ആശയക്കുഴപ്പങ്ങളും പൊതുജനങ്ങളുടെ സുരക്ഷാ ആശങ്കകളും പരിഹരിക്കുന്നതിനായി, അക്രമകാരികളും രോഗബാധിതവുമായ തെരുവ് നായ്ക്കളുടെ ദയാവധത്തിന് ഏകീകൃത മാനദണ്ഡം (SOP) രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി ) വകുപ്പ്**

സ.ഉ.(കൈ) നം.116/2026/LSGD തീയതി,തിരുവനന്തപുരം, 22-08-2026

---

പരാമർശം:-

1. ബഹു. സുപ്രീം കോടതിയിലെ SUO MOTU WP(C) No. 5/2025 (In Re: "City hounded by strays, kids pay price")കേസിലെ 19/05/2026-ലെ വിധിന്യായം.
2. 23.07.2026 ലെ സ.ഉ.(കൈ)നം.108/2026/തസ്വഭവ.
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 31.07.2026 ലെ LSGD/PD/40783/2023-PH2 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ തെരുവ് നായ്ക്കളുടെ ദയാവധവുമായി ബന്ധപ്പെട്ട് ബഹു: സുപ്രീം കോടതിയുടെ പരാമർശം (1) വിധിന്യായത്തിലെ ഖണ്ഡിക 108 (H) -ലെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനായി സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകി പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതിന്റെ തുടർച്ചയായി, ഇതുമായി ബന്ധപ്പെട്ട് കരട് Standard Operating Procedure (SOP) തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം സമർപ്പിച്ചിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തെരുവ് നായ്ക്കളുടെ നിയന്ത്രണം സംബന്ധിച്ച് ബഹു: സുപ്രീം കോടതിയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഈ ഉത്തരവിന് അനുബന്ധമായി ചേർത്തിട്ടുള്ള Standard Operating Procedure (SOP) അംഗീകരിച്ച് ഉത്തരവാകുന്നു. സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഈ SOP-യിലെ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷാനവാസ് എസ് ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (With C/L)
അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ വകുപ്പ്
സെക്രട്ടറി, നിയമ വകുപ്പ്

സെക്രട്ടറി, മൃഗസംരക്ഷണ വകുപ്പ്
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
എല്ലാ തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന)
എല്ലാ തദ്ദേശസ്ഥാപന സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന)
എല്ലാ ജില്ലാ മൃഗ സംരക്ഷണ ഓഫീസർമാർക്കും (മൃഗ സംരക്ഷണ വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി&എസ്.എസ്.എ), കേരളം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് - (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഓഫീസ് പകർപ്പ് (LSGD-RC1/407/2026-LSGD)
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Digitally signed by
Deepu B K
Date: 22-08-2026
16:34:36
സെക്ഷൻ ഓഫീസർ

**തെരുവ് നായ്ക്കളുടെ ദയാവധം സംബന്ധിച്ച Standard Operating Procedure (SOP)**

തെരുവ് നായ്ക്കളുടെ ദയാവധവുമായി ബന്ധപ്പെട്ട് നിയമപരവും ഭരണപരവുമായ ഏകീകരണം ഉറപ്പാക്കുന്നതിനും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുമായി ഒരു ഏകീകൃത Standard Operating Procedure (SOP) ലെ വിവരങ്ങൾ താഴെ നൽകുന്നു.

**1. നിയമപരമായ ചട്ടക്കൂടുകൾ**

ഈ പ്രക്രിയയിൽ സ്വീകരിക്കുന്ന എല്ലാ നടപടികളും താഴെ പറയുന്ന നിയമങ്ങൾക്ക് വിധേയമായിരിക്കണം :-

- അപകടകാരികളായ മൃഗങ്ങളെ നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, സെക്ഷൻ 438.
- തെരുവ് നായ്ക്കളുടെ മാനുഷികമായ നിയന്ത്രണം സംബന്ധിച്ച് അനിമൽ ബെർത്ത് കൺട്രോൾ (ABC) ചട്ടങ്ങൾ, 2023.
- ഇതുമായി ബന്ധപ്പെട്ട 19/05/2026 തീയതിയിലെ ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയിലെ പ്രസക്ത ഭാഗം

**108.H.** In areas where the population of stray dogs has assumed alarming proportions and where incidents of dog bites or aggressive attacks have become frequent and pose a continuing threat to public safety, the concerned authorities may, subject to due assessment by qualified veterinary experts and strictly in accordance with the provisions of the Prevention of Cruelty to Animals Act, 1960, the Animal Birth Control Rules, 2023 and other applicable statutory protocols, take such measures as may be legally permissible, including euthanasia in cases involving rabid, incurably ill or demonstrably dangerous/aggressive dogs, so as to effectively curb the threat posed to human life and safety.

**2. ദയാവധത്തിനുള്ള കൃത്യമായ മാനദണ്ഡങ്ങൾ (Indications)**

താഴെ പറയുന്ന പ്രത്യേക സാഹചര്യങ്ങളിൽ പെടുന്ന തെരുവ് നായ്ക്കളെ മാത്രമേ ദയാവധത്തിന് പരിഗണിക്കാൻ പാടുള്ളൂ:

- **മാറ്റാനാകാത്ത രോഗബാധയുള്ളവ (Incurably Ill):** ചികിത്സ നൽകിയിട്ടും ഭേദമാക്കാൻ സാധിക്കാത്തതും കടുത്ത വേദന അനുഭവിക്കുന്നതുമായ മാരക രോഗങ്ങളുള്ള നായ്ക്കൾ.
- **ഗുരുതരമായി പരിക്കേറ്റവ (Mortally Wounded):** ജീവൻ നിലനിർത്താൻ സാധിക്കാത്ത വിധം മാരകമായി പരിക്കേൽക്കുകയും രക്ഷപ്പെടാൻ വൈദ്യശാസ്ത്രപരമായി സാധ്യതയില്ലാത്തതുമായ നായ്ക്കൾ.
- **പേവിഷബാധയുള്ളവ (Rabid Dogs):** പേവിഷബാധ സ്ഥിരീകരിച്ചതോ അല്ലെങ്കിൽ പേവിഷബാധയുടെ ലക്ഷണങ്ങൾ ശക്തമായി പ്രകടിപ്പിക്കുന്നതോ ആയ നായ്ക്കൾ.
- **ആക്രമണകാരികളായ നായ്ക്കൾ (Violent / Ferocious Dogs):** പൊതുജനങ്ങളുടെ സുരക്ഷയ്ക്ക് പെട്ടെന്ന് കടുത്ത ഭീഷണിയുയർത്തുന്ന വിധം പ്രകോപനമില്ലാതെ ഒരു മനുഷ്യനെയോ ഒന്നിൽ കൂടുതൽ മൃഗങ്ങളെയോ കടിക്കുന്നതോ/ആക്രമിക്കുന്നതോ ആയ ആക്രമണ സ്വഭാവം കാണിക്കുന്ന നായ്ക്കൾ.

**3. കമ്മിറ്റി ഘടനയും ഉത്തരവാദിത്തങ്ങളും**

തദ്ദേശ സ്വയംഭരണ തലത്തിൽ ABC മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടും സാമൂഹിക ഉത്തരവാദിത്തം (social accountability) ഉറപ്പു വരുത്തിക്കൊണ്ടും, പൊതുജനാരോഗ്യവും, പൊതുനിരത്തുകളുടെ സുരക്ഷിതത്വവും ഉറപ്പാക്കാനായി സ്ട്രേ ഡോഗ് മാനേജ്മെന്റ് കമ്മിറ്റികൾ (SDMC) രൂപീകരിക്കേണ്ടതാണ്. തെരുവ് നായ നിയന്ത്രണം , മാനേജ്മെന്റ് , ദയാവധം നടപ്പിലാക്കൽ, പ്രാദേശിക തലത്തിലുള്ള ഓഡിറ്റിംഗ് എന്നിവയുടെ പൂർണ്ണ ഉത്തരവാദിത്തം ഈ സമിതിക്കാണ്.

**കമ്മിറ്റി ഘടന:**

- **ചെയർപേഴ്സൺ:** തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ അധ്യക്ഷൻ
- **കൺവീനർ:** തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി

- **അംഗങ്ങൾ:**

    1. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ ബന്ധപ്പെട്ട വാർഡ് കൗൺസിലർ
    2. തദ്ദേശ സ്വയം ഭരണ സ്ഥാപന പരിധിയിലുള്ള വെറ്ററിനറി ഓഫീസർ
    3. എബിസി കേന്ദ്രത്തിന്റെ പ്രോജക്ട് ഇൻ ചാർജ് ഓഫീസർ
    4. തദ്ദേശ സ്വയം ഭരണ സ്ഥാപന പരിധിയിലുള്ള മെഡിക്കൽ ഓഫീസർ
    5. സംസ്ഥാന അനിമൽ വെൽഫെയർ ബോർഡ് പ്രതിനിധി

മേൽപ്പറഞ്ഞ സമിതി ആവശ്യാനുസരണം യോഗം ചേരുകയും ബന്ധപ്പെട്ട വിഷയങ്ങളിൽ ഉചിത തീരുമാനം കൈക്കൊള്ളാവുന്നതുമാണ്. ഏഴ് അംഗ സമിതിയിൽ 5 അംഗങ്ങൾ ഉണ്ടെങ്കിൽ ക്വാറം തികയുന്നതാണ്. പങ്കെടുക്കുന്ന അംഗങ്ങളിൽ ഭൂരിപക്ഷ തീരുമാനം അംഗീകരിക്കാവുന്നതാണ്.

**4. ദയാവധം നടപ്പിലാക്കേണ്ട രീതി (Method of Euthanasia)**

സമിതിയുടെ കൃത്യമായ രേഖാമൂലമുള്ള ശിപാർശയുടെ അടിസ്ഥാനത്തിൽ മാനുഷികമായ രീതിയിൽ മാത്രമേ ദയാവധം നടപ്പാക്കാവൂ.

- **അംഗീകൃത വ്യക്തി:** യോഗ്യതയുള്ള ഒരു വെറ്ററിനറി സർജൻ മാത്രമേ ഈ പ്രക്രിയ ചെയ്യാൻ പാടുള്ളൂ.

- **ഉപയോഗിക്കേണ്ട മരുന്നുകൾ:** ദയാവധത്തിനായി സോഡിയം പെന്റോബാർബിറ്റൽ (Sodium Pentobarbital) / തയോപെന്റൽ സോഡിയം (Thiopental Sodium) എന്നിവ മാത്രമേ ഞരമ്പ് വഴി (Intravenous) കുത്തിവെക്കാൻ പാടുള്ളൂ. വേദനയുണ്ടാക്കുന്ന മറ്റ് കെമിക്കലുകളോ യാന്ത്രിക മാർഗ്ഗങ്ങളോ ഉപയോഗിക്കാൻ പാടില്ല.

**5. നിർബന്ധമായും പാലിക്കേണ്ട മുൻകരുതലുകൾ**

സുതാര്യതയും നിയമസാധുതയും ഉറപ്പുവരുത്തുന്നതിനായി താഴെ പറയുന്ന കാര്യങ്ങൾ

നിർബന്ധമായും പാലിക്കണം:

- **പ്രത്യേക രജിസ്റ്റർ:** ദയാവധത്തിനായി മാത്രം എല്ലാ തദ്ദേശ സ്ഥാപനങ്ങളും ഒരു പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

- **വിശദവിവരങ്ങൾ രേഖപ്പെടുത്തൽ:** ദയാവധത്തിന് വിധേയമാക്കിയ ഓരോ നായയുടെയും വിവരങ്ങൾ, പിടികൂടിയ സ്ഥലം, ഫോട്ടോ/ഐഡന്റിഫിക്കേഷൻ ടാഗ്, ദയാവധം ചെയ്യാനുണ്ടായ കൃത്യമായ കാരണം (രോഗം/ആക്രമണസ്വഭാവം) എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തണം.

- **അക്രമാസക്തരായ തെരുവ് നായ്ക്കളെ സുരക്ഷിതമായി കൈകാര്യം ചെയ്യൽ-** അക്രമാസക്തരായ തെരുവ് നായ്ക്കളെ അവശ്യമരുന്നുകൾ നൽകി ശാന്തമാക്കി മാത്രമേ അവയെ വാഹനങ്ങളിൽ കയറ്റി കൊണ്ടുപോകാൻ പാടുള്ളൂ.

- **ദയാവധത്തിനായി വിധേയമാക്കുന്ന തെരുവ് നായ്ക്കളെ ക്വാറന്റൈൻ** - ദയാവധത്തിനായി വിധേയമാക്കുന്ന തെരുവ് നായ്ക്കളെ പിടികൂടിയതിന് ശേഷം 2 മുതൽ 3 ദിവസം വരെ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലുള്ള ഐസൊലേഷൻ കെന്നൽസിലോ, അടുത്തുള്ള എ.ബി.സി കേന്ദ്രത്തിലേക്കോ/ഷെൽട്ടറിലേക്കോ നിരീക്ഷണത്തനായി മാറ്റേണ്ടതാണ്. ഈ കാലയളവിൽ അംഗീകൃത മൃഗസംഘടനകൾക്കോ/ ഏജൻസികൾക്കോ, ഏറ്റെടുക്കാൻ താത്പര്യം പ്രകടിപ്പിക്കുന്ന മൃഗസ്നേഹികൾക്കോ അവയെ നിശ്ചിത സമയപരിധിക്കുള്ളിൽ (പിടികൂടിയതിന് ശേഷം 2 മുതൽ 3 ദിവസം വരെ) ഏറ്റെടുക്കാവുന്നതാണ്. ദയാവധത്തിനായി വിധേയമാക്കുന്ന/പിടികൂടിയ തെരുവ് നായ്ക്കളെ സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ബോർഡിലോ/ഉചിതമായ മറ്റ് സംവിധാനം വഴിയോ പ്രസിദ്ധീകരിക്കേണ്ടതാണ്/ലഭ്യമാക്കേണ്ടതാണ്. ഏറ്റെടുത്തതിന് ശേഷം നായ്ക്കളുടെ പരിപാലനം ഉൾപ്പെടെയുള്ള കാര്യങ്ങളുടെ പൂർണ ഉത്തരവാദിത്തം ഏറ്റെടുക്കുന്ന വ്യക്തി/സംഘടനയ്ക്കായിരിക്കും.

- **മറ്റു നായ്ക്കളുടെ സാന്നിദ്ധ്യം ഒഴിവാക്കൽ:** ഒരു കാരണവശാലും മറ്റ് നായ്ക്കളുടെ സാന്നിദ്ധ്യത്തിലോ കാഴ്ചയിലോ ദയാവധം നടത്താൻ പാടില്ല.

- **മരണം സ്ഥിരീകരിക്കൽ:** ശരീരം സംസ്കരിക്കുന്നതിന് മുൻപായി നായയുടെ മരണം

വെറ്ററിനറി സർജൻ ക്ലിനിക്കലായി പരിശോധിച്ച് ഉറപ്പുവരുത്തണം.

- **സാക്ഷ്യപ്പെടുത്തൽ:** ഓരോ ദയാവധത്തിന് ശേഷവും അവിടെയുണ്ടായിരുന്ന വെറ്ററിനറി സർജനും സമിതിയുടെ അംഗങ്ങളും ദയാവധ രജിസ്റ്ററിൽ ഒപ്പുവെച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

**6. കോടതി ഉത്തരവ് നടപ്പാക്കുന്ന ഉദ്യോഗസ്ഥർക്ക് സംരക്ഷണം -**

19/05/2026 തീയതിയിലെ ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയിലെ പ്രസക്ത ഭാഗം.

**108.1.** -It is made emphatically clear that the officers and officials of the municipal authorities,Panchayati Raj institutions, local bodies and the concerned departments of the States and Union Territories ,autonomous bodies/institutions and the persons in-charge of all other institutions, i.e., schools, colleges, hospitals, etc., who are entrusted with the implementation of the directions issued by this Court, shall be entitled to due protection for acts performed by them in good faith and in bona fide discharge of their official duties and compliances carried out pursuant to the present order and the earlier orders passed by this Court in the present proceedings. Accordingly, no First Information Report, criminal complaint or coercive proceedings shall ordinarily be initiated against such officers or officials in respect of actions bona fide undertaken for the purpose of implementing the directions issued by this Court, save and except where prima facie case of mala fides, gross abuse of authority or actions wholly dehors the directions issued by this Court is made out. If necessary, the High Court in seisin of the continuing mandamus in terms of the present order shall be at liberty to pass appropriate orders to prevent frivolous, vexatious or malicious proceedings against such officers or officials.

മേൽ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ WP(C) 5/2025 എന്ന കേസിൽ കോടതി പുറപ്പെടുവിച്ച ഉത്തരവുകൾ നടപ്പാക്കുന്നതിനിടെ ഉദ്യോഗസ്ഥർ **സത്യസന്ധമായി, ഔദ്യോഗിക ചുമതലയുടെ ഭാഗമായി** പ്രവർത്തിച്ചാൽ, അതിന്റെ പേരിൽ അവർക്കെതിരെ സാധാരണയായി FIR/ക്രിമിനൽ കേസ്/ബലപ്രയോഗ നടപടികൾ ഉണ്ടാകില്ല. പക്ഷേ **ദുരുദ്ദേശം, ഗുരുതരമായ അധികാരദുരുപയോഗം, അല്ലെങ്കിൽ കോടതി ഉത്തരവിന്**

വിരുദ്ധമായ നടപടി തെളിഞ്ഞാൽ ഈ സംരക്ഷണം ബാധകമല്ല.

7. **തെരുവ് നായ്ക്കളുടെ ദയാവധച്ചെലവ്** - തെരുവ് നായ്ക്കളുടെ ദയാവധവുമായി ബന്ധപ്പെട്ട ചെലവുകൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്.

**8. സംസ്ഥാന തലത്തിലുള്ള ഓഡിറ്റിംഗ് (State-Level Audit)**

എല്ലാ തദ്ദേശ സ്ഥാപനങ്ങളിലെയും ദയാവധം സംബന്ധിച്ച കണക്കുകൾ സംസ്ഥാന എബിസി ഇംപ്ലിമെന്റേഷൻ ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി പ്രതിമാസം നിർബന്ധിത ഓഡിറ്റിംഗിന് വിധേയമാക്കേണ്ടതാണ്.